


DISCOVER

ITS BEAUTY

ഭാഗം 1

# ഇതൊരു തുടക്കം മാത്രം

ഡോ. നാജി ഇബ്രാഹീം



### "അത്"...

- മറ്റുള്ളവരോട് സദുദ്ദേശ്യത്തോടെയും സദ് മനോഭാവത്തോടെയും സഹാനുഭൂതിയോടെയും പെരുമാറാൻ അത് നമ്മെ പ്രചോദിപ്പിക്കുന്നു.
- മറ്റുള്ളവർക്ക് മാപ്പ് കൊടുക്കാനും നമ്മളാഗ്രഹിക്കുന്നത് അപരർക്കുമുണ്ടാകണമെന്നാഗ്രഹിക്കാനും അത് നമ്മെ പഠിപ്പിക്കുന്നു.
- ആത്മാർഥമായി പുഞ്ചിരിക്കാനും പ്രസന്നവദനനും ശുഭാപ്തി വിശ്വാസിയുമാകാനും അത് നമ്മെ പ്രേരിപ്പിക്കുന്നു.
- മാന്യതയോടെയും ബഹുമാനത്തോടെയും മറ്റുള്ളവരോട് പെരുമാറാൻ അത് നമ്മോട് നിർദ്ദേശിക്കുന്നു.
- സഹജീവികളോട് സദ്സ്വഭാവത്തോടെയും സുജന മര്യാദകളോടെയും ഇടപഴകാൻ അത് കൽപ്പിക്കുന്നു.
- മൃഗങ്ങളോടും പക്ഷികളോടും പ്രകൃതിയോടും ദയ കാണിക്കാൻ അത് നമ്മെ പഠിപ്പിക്കുന്നു.
- മുതിർന്നവരെയും മാതാപിതാക്കളെയും ബഹുമാനിക്കാനും സംരക്ഷിക്കാനും ഇണകൾക്കും കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും നന്മ ചെയ്യാനും അത് നമ്മോട് നിഷ്കർഷിക്കുന്നു.

### അത് എന്താണെന്നറിയാൻ ആകാംക്ഷയുണ്ടോ? എങ്കിൽ അതിനെ കുറിച്ച് ഇനിയും പറയാം. അത്...

- ദുർബലരെയും ദരിദ്രരെയും അവശരെയും വികലാംഗരെയും സഹായിക്കാനും അവർക്ക് ഭക്ഷണം നൽകാനും അവരെ ചേർത്ത് പിടിക്കാനും അത് നമ്മെ പ്രോത്സാഹിപ്പിക്കുന്നു.
- ഉദാരനും ധർമിഷ്ഠനും സഹായ മനസ്കനും സഹകാരിയുമാകാൻ അത് നമ്മോട് നിർദ്ദേശിക്കുന്നു.
- സന്നദ്ധ പ്രവർത്തനങ്ങളിലും സാമൂഹിക സേവനത്തിലും ഏർപ്പെടുന്നതിലൂടെ നന്മയുടെ വക്താക്കളാകാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു.
- മറ്റുള്ളവർക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്നവരാണ് ഏറ്റവും നല്ല മനുഷ്യരെന്ന് അത് നമ്മോട് പറയുന്നു.
- ഏറ്റവും ആദരണീയരും ശ്രേഷ്ഠരുമായ ആളുകൾ ദൈവഭക്തി, നീതി എന്നിവ അങ്ങേയറ്റമുള്ളവരും അസൂയ, വിദ്വേഷം, അഹങ്കാരം എന്നീ മാലിന്യങ്ങളെ ഹൃദയത്തിൽ നിന്ന് കുടിയിറക്കിയവരുമാണെന്ന് അത് ഉറപ്പിച്ച് പറയുന്നു.
- യുക്തിസഹമായി ചിന്തിക്കാനും വിശ്വാസങ്ങളും വിധിന്യായങ്ങളും ആധികാരിക തെളിവുകളുടെ അടിസ്ഥാനത്തിലാക്കാനും അത് നമ്മെ പ്രേരിപ്പിക്കുന്നു.



**ആ രഹസ്യം വെളിപ്പെടുത്തുന്നതിന് മുമ്പ്, ഞാൻ അൽപം കൂടി പറയാം.**

- വംശം, വർണ്ണം, ദേശം തുടങ്ങിയ അതിരുകൾക്കതീതമായി എല്ലാ മനുഷ്യരും തുല്യരാണെന്ന് അത് നമ്മെ പഠിപ്പിക്കുന്നു.
- എല്ലാത്തരം വർണ്ണ-വർഗ്ഗ വിവേചനങ്ങളെയും വംശീയതയെയും അത് നിരാകരിക്കുന്നു.
- സുരക്ഷിതത്വം നിലനിർത്താനും സമാധാന സന്ദേശം പ്രചരിപ്പിക്കാനും ഭൂമിയിൽ ഐക്യത്തിലും സമാധാനത്തിലും ജീവിക്കാനും അത് നമ്മോട് കൽപിക്കുന്നു.
- മറ്റുള്ളവരെ അക്രമിക്കുകയോ അവരുടെ പണമോ സ്വത്തോ അപഹരിക്കുകയോ ചെയ്യരുതെന്ന് അത് നമ്മോട് നിർദ്ദേശിക്കുന്നു.
- അന്യായമായ മനുഷ്യഹത്യ, വിശ്വാസവഞ്ചന, ചതി, കരാർ ലംഘനം എന്നിവ അത് വിലക്കുന്നു.
- മറ്റുള്ളവരോടുള്ള വിദ്വേഷവും ശത്രുതയും ഒഴിവാക്കാൻ അത് നമ്മോട് ആവശ്യപ്പെടുന്നു.
- ദ്രോഹം, നിന്ദ, ഏഷണി, പരിഹാസം എന്നിവ അരുതെന്ന് അത് നമ്മോട് നിർദ്ദേശിക്കുന്നു.
- വഞ്ചന, ദുഷ്പ്രചാരണം, മറ്റുള്ളവരെ കുറിച്ചുള്ള ദുഷ്ചിന്ത എന്നിവ പാടില്ലെന്ന് അത് നമ്മോട് കൽപിക്കുന്നു.
- സത്യം, നീതി, വിശ്വാസ്യത, ഉദാരത, വിനയം എന്നിവയിലേക്ക് അത് നമ്മെ നയിക്കുന്നു.
- നമ്മുടെ, സ്രഷ്ടാവിനോടും സ്വന്തത്തോടും മറ്റുള്ളവരോടും നല്ല ബന്ധം നിലനിർത്താൻ അത് നമ്മോട് നിർദ്ദേശിക്കുന്നു.
- സർവസ്രഷ്ടാവായ അല്ലാഹുവിൽ (ഏകനായ സത്യദൈവത്തിൽ) വിശ്വസിക്കാനും അവനെ മാത്രം ആരാധിക്കാനും അത് നമ്മോട് പറയുന്നു.
- ആദം, നൂഹ്, ഇബ്രാഹീം, മൂസ, ഈസ, മുഹമ്മദ് എന്നിവരുൾപ്പെടെയുള്ള എല്ലാ ദൈവദൂതന്മാരിലും (അവരിൽ ദിവ്യശാന്തി സദാ വർഷിക്കട്ടെ) വിശ്വസിക്കാൻ അത് നമ്മെ പഠിപ്പിക്കുന്നു.

**തീർച്ചയായും, ആത്യന്തിക സത്യത്തിലേക്കും വിജയത്തിലേക്കും യഥാർത്ഥ മനസ്സമാധാനത്തിലേക്കും സന്തോഷത്തിലേക്കും മോക്ഷത്തിലേക്കും അനശ്വര ജീവിതത്തിലേക്കും അത് നയിക്കുന്നു.**

ഇനി, "അത്" എന്താണെന്ന് പറയാം...



മസ്ജിദുൽ ഹറാം, മക്ക, സൗദി അറേബ്യ

# അത് ഇസ്‌ലാമാണ്!

**മുൻവിധിയും സങ്കുചിതത്വവുമുള്ള മനസ്സുകൾക്ക് ഇസ്‌ലാമിന്റെ സൗന്ദര്യമോ സത്യമോ ഒരിക്കലും തിരിച്ചറിയാൻ സാധിക്കുകയില്ല!**

ഒരു പക്ഷേ, ഇത് വായിക്കുന്ന ചിലരെങ്കിലും നേരത്തെ തന്നെ ഇസ്‌ലാമിനെ കുറിച്ച് നിഷേധാത്മകമായ മുൻധാരണകൾ പുലർത്തുന്നവരായിരിക്കും. ഏത് മതത്തിലായാലും തീവ്രവാദികളായേക്കാവുന്ന ചിലരെ കേന്ദ്രീകരിച്ചുള്ള മാധ്യമ വിവരണങ്ങളിലൂടെ മാത്രം ഇസ്‌ലാമിനെ നിരീക്ഷിച്ചവരായിരിക്കാം അവർ. അല്ലെങ്കിൽ, ഇസ്‌ലാമിനെ കുറിച്ച് അവർ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നത് ആധികാരികമല്ലാത്തതോ പക്ഷപാതപരമോ ആയ സ്രോതസ്സുകളിൽ നിന്നായിരിക്കാം.

എങ്ങനെയായാലും, ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ വിശ്വസനീയമായ വിവരങ്ങൾ അറിയാൻ നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ, ഇസ്‌ലാമിന്റെ സൗന്ദര്യവും ലാളിത്യവും ബോധ്യപ്പെടുത്തുന്ന ഈ ബുക്ക്‌ലറ്റും **"അതിന്റെ സൗന്ദര്യം കണ്ടെത്തൂ"** എന്ന സീരീസിന്റെ മറ്റ് ഭാഗങ്ങളും വസ്തുനിഷ്ഠമായും തുറന്ന മനസ്സോടെയും വായിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

### കൂടാതെ, ഈ സീരീസിൽ താഴെ പറയുന്നവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നിങ്ങൾക്ക് വായിക്കാം.

- ഏകനായ സത്യദൈവം, സ്രഷ്ടാവായ അല്ലാഹു, എന്ന പവിത്രമായ ആശയം.
- പ്രപഞ്ചോൽപത്തി.
- മനുഷ്യോൽപത്തി.
- നമ്മുടെ നിലനിൽപ്പിന്റെ ലക്ഷ്യം.
- നമ്മുടെ ആത്മികത.
- ആരാധന എന്ന ആശയം.
- ജീവിത ലക്ഷ്യം.
- യഥാർത്ഥ സന്തോഷവും പരമമായ ആനന്ദവും നേടാനുള്ള മാർഗം.
- അടുത്ത ജീവിതത്തിലെ നമ്മുടെ അന്തിമ ലക്ഷ്യസ്ഥാനം.

### അതോടൊപ്പം, ഇവയെ കുറിച്ചും നിങ്ങൾക്ക് വായിക്കാം.

- ആദമിന്റെയും ഹവ്വയുടെയും മതം.
- ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ.
- മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ.
- അല്ലാഹുവിന്റെ മനോഹര നാമങ്ങൾ.
- അന്തിമ വെളിപാട്.
- അന്ത്യ ദൂതൻ.



മസ്ജിദുന്നബവി, മദീന, സൗദി അറേബ്യ

# മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്ക് ഇസ്‌ലാം മറുപടി പറയുന്നു.

**മനുഷ്യരാശിയെ കുഴക്കിയ പല ചോദ്യങ്ങൾക്കും ഇസ്‌ലാമിന് വ്യക്തമായ ഉത്തരങ്ങളുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.**

- ആത്യന്തികമായ സത്യം എന്താണ്?
- ആരാണ് നമ്മെ സൃഷ്ടിച്ചത്?
- ദൈവമുണ്ടോ?
- ആരാണ് നമ്മുടെ യഥാർത്ഥ ദൈവം?
- ആരാണ് ദൈവത്തിന്റെ അന്ത്യ ദൂതൻ?
- ആരെയാണ് നമ്മൾ ആരാധിക്കേണ്ടത്?
- നമ്മൾ ആരാണ്?
- നമ്മുടെ ജീവിത ലക്ഷ്യം എന്താണ്?
- മരണ ശേഷം നമുക്കെന്ത് സംഭവിക്കും?
- അടുത്ത ജീവിതം എങ്ങനെയായിരിക്കും?
- നമ്മുടെ അന്തിമ ലക്ഷ്യസ്ഥാനം എവിടെയാണ്– സ്വർഗമോ അതോ നരകമോ?
- യഥാർത്ഥ മനസ്സമാധാനവും വിജയവും സന്തോഷവും എങ്ങനെ കൈവരിക്കാം?
- അനശ്വര ജീവിതം എങ്ങനെ കൈവരിക്കാം?





മസ്ജിദുൽ അഖ്സ

# ഉപസംഹാരം

ആധികാരികവും വിശ്വസനീയവുമായ സ്രോതസ്സുകളിൽ നിന്ന് നിങ്ങൾ ഇസ്‌ലാമിനെ കൂടുതൽ വായിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ, ആദമിന്റെയും ഹവ്വയുടെയും ലോകാവസാനം വരെയുള്ള അവരുടെ പിൻമുറക്കാരുടെയും യഥാർത്ഥ മതം ഇസ്‌ലാമാണെന്ന് നിങ്ങൾക്ക് ബോധ്യമാകും. ഇസ്‌ലാം മതം ലളിതവും യുക്തിസഹവും വ്യക്തവും പ്രായോഗികവും സമഗ്രവുമാണ്.

**{ഇന്നു നിങ്ങൾക്കു നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്കു ഞാൻ പൂർണ്ണമാക്കിത്തരുകയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങ ൾക്കു തൃപ്തിപ്പെട്ടു തരുകയും ചെയ്തിരിക്കുന്നു} (5:3)**

യഹൂദന്മാർ, ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ, ഹിന്ദുക്കൾ, ബുദ്ധമതക്കാർ, നിരീശ്വരവാദികൾ, അജ്ഞേയവാദികൾ എന്നിങ്ങനെ മനുഷ്യകുലത്തിനൊന്നടങ്കം അയക്കപ്പെട്ട തന്റെ അന്ത്യദൂതനാണ് മുഹമ്മദ് (അവരിൽ ദിവ്യശാന്തി സദാ വർഷിക്കട്ടെ) എന്ന് ഏകസത്യ ദൈവമായ അതേ അല്ലാഹു തന്നെ നമ്മോട് പറയുന്നു. അല്ലാഹു എല്ലാ മനുഷ്യർക്കും തന്റെ മാർഗദർശനവും വെളിച്ചവും വാഗ്ദാനം ചെയ്യുന്നു. ശാന്തിയും സംതൃപ്തിയും ആത്മികവും ഭൗതികവുമായ സമാധാനവും കര സ്ഥമാക്കാനുതകുന്ന വിജയരഹസ്യങ്ങൾ അവൻ വെളി പ്പെടുത്തുന്നു. നമ്മുടെ സത്യാന്വേഷണത്തിൽ നീതിയും വിവേകവും ആത്മാർത്ഥതയും സത്യസന്ധതയും വസ്തുനിഷ്ഠതയും തുറന്ന മനസ്സും ഉള്ളവരായിരിക്കാൻ ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു.

**ഇസ്‌ലാമിലെ സത്യവും സൗന്ദര്യവും കണ്ടെത്തു!**



സുൽത്താൻ അഹ്മദ് മസ്ജിദ്, ഇസ്താംബൂൾ, തുർക്കി

## പ്രധാന ഇസ്‌ലാമിക സംജ്ഞകളുടെ നിർവചനങ്ങൾ

സ്രഷ്ടാവായ ഏക സത്യ ദൈവത്തിന്റെ നാമമാണ് **അല്ലാഹു**. അല്ലാഹുവിന്റെ ചില നാമങ്ങളും വിശേഷണങ്ങളും ഇവയാണ്: കർത്താവ്, കരുണാമയൻ, കരുണാനിധി, പരമാധികാരി, പരിശുദ്ധൻ, പവിത്രൻ, വാഴ്ത്തപ്പെട്ടവൻ, സമാധാനത്തിന്റെയും പൂർണതയുടെയും ഉറവിടം, ന്യായാധിപൻ, സർവജ്ഞൻ, എല്ലാം കാണുന്നവൻ, എല്ലാം കേൾക്കുന്നവൻ, മഹോന്നതൻ, എല്ലാം മാപ്പാക്കുന്നവൻ, അത്യുന്നതൻ.

**മുഹമ്മദ്** ഏക സത്യദൈവമായ അല്ലാഹുവിന്റെ അന്ത്യ ദൂതനാണ്. മനുഷ്യ കുലത്തിനൊന്നടങ്കമുള്ള ദൂതനായാണ് അല്ലാഹുമുഹമ്മദിനെ നിയോഗിച്ചത്. സ്രഷ്ടാവായ അല്ലാഹു വിനെ മാത്രം ആരാധിക്കാൻ അദ്ദേഹം ജനങ്ങളോട് കൽപിച്ചു. തന്റെ ജീവിതകാലം മുഴുവൻ ഈ സന്ദേശവും ഇസ്‌ലാമിക അധ്യാപനങ്ങളും മറ്റുള്ളവരിലേക്കെത്തിച്ച ദൈവദൂതൻ ഉൽകൃഷ്ട ജീവിതത്തിലൂടെ മനുഷ്യകുലത്തിന്റെ മാതൃകാപുരുഷനായിത്തീർന്നു.

**വിശുദ്ധ ഖുർആൻ,** മുഹമ്മദ് നബിക്ക് അവതരിച്ച അന്തിമ വേദവാക്യമാണ്. കുറ്റമറ്റ ദൈവിക ജ്ഞാനങ്ങളിലൂടെ സൃഷ്ടികളെക്കുറിച്ച് സംവദിക്കുന്ന ഖുർആൻ, സത്യം ബോധ്യപ്പെടുത്തുകയും നേർമാർഗത്തിലേക്ക് മനുഷ്യരാശിയെ ക്ഷണിക്കുകയും ചെയ്യുന്നു. ഖുർആൻ മനുഷ്യരെ ഉദ്ബോധിപ്പിക്കുകയും ഖുർആനികാധ്യാപനങ്ങൾ പ്രയോഗവൽക്കരിക്കാനും മനസ്സിലാക്കാനും അവർ ശ്രമിക്കുന്നതിനനുസരിച്ച് ആത്മികവും ധാർമികവും ബൗദ്ധികവും സാമൂഹികവുമായ ഉന്നതികളിലേക്ക് അവരെ ഉയർത്തുകയും ചെയ്യുന്നു.


അല്ലാഹു അറബിയിൽ


അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന മുസ്‌ലിം


വിശുദ്ധ ഖുർആൻ


മുഹമ്മദ് അറബിയിൽ



ലണ്ടൻ സെൻട്രൽ മസ്ജിദ് യു. കെ

ഏക സത്യദൈവമായ അല്ലാഹുവിനായുള്ള സമർപ്പണമാണ് **ഇസ്‌ലാമിന്റെ** അന്തഃസത്ത. സന്തുഷ്ടവും സംതൃപ്തവും ശാശ്വതവുമായ ജീവിതത്തിലേക്കുള്ള കവാടം അല്ലാഹുവിലും അവന്റെ അന്ത്യദൂതനായ മുഹമ്മദിലും വിശ്വസിച്ചുകൊണ്ട് ഈ സാക്ഷ്യം ഉരുവിടലാണെന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു:
**"അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."** ദൈവത്തിലും ദൈവദൂതന്മാരിലും വിശ്വസിക്കുന്നത് കൊണ്ട് മാത്രം മനസ്സമാധാനവും സന്തോഷവും മോക്ഷവും നേടാനാകില്ലെന്നും ഏകനായ, സ്രഷ്ടാവായ ദൈവത്തെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിലൂടെ ദൈവഹിതം നിറവേറ്റുക കൂടി വേണം എന്നും ഇസ്‌ലാം നമ്മോട് പറയുന്നു.

സ്രഷ്ടാവായ അല്ലാഹുവിന് സ്വയം സമർപ്പിക്കുന്നവനാണ് **മുസ്‌ലിം**. മുസ്‌ലിംകൾ അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. ഏകദൈവത്തിൽ വിശ്വസിക്കുക, പ്രാർത്ഥിക്കുക, സാഷ്ടാംഗം ചെയ്യുക, ഉപവസിക്കുക, ദാനധർമങ്ങൾ ചെയ്യുക, ഭാവി കാര്യങ്ങൾ പറയുമ്പോൾ "അല്ലാഹു ഉദ്ദേശിച്ചാൽ" (ഇൻശാ അല്ലാഹ്) എന്ന് കൂടെ പറയുക, "നിങ്ങളിൽ ദിവ്യശാന്തി വർഷിക്കട്ടെ" (അസ്സലാമു അലൈക്കും) എന്ന ദൈവദൂതന്മാരുടെ അഭിവാദ്യം ഉപയോഗിക്കുക എന്നിങ്ങനെ, മുഹമ്മദ്, ഈസ തുടങ്ങിയ എല്ലാ ദൈവദൂതന്മാരുടെയും അധ്യാപനങ്ങളും കല്പനകളും അവർ ശിരസ്സാവഹിക്കുന്നു.

മുഖ്യമായും പ്രാർത്ഥനക്കും ആരാധനാമുറകൾക്കുമായി മുസ്‌ലിംകൾ ഉപയോഗിക്കുന്ന ശുദ്ധിയും വൃത്തിയുമുള്ള സ്ഥലത്തെ **മസ്ജിദ്** എന്ന് പറയുന്നു. കൂടാതെ, അല്ലാഹുവിനെ സ്മരിക്കാനും അവനോട് കേണപേക്ഷിക്കാനും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും ഇസ്‌ലാമികാധ്യാപനങ്ങളും മുഹമ്മദ് നബിയുടെ നിർദ്ദേശങ്ങളും പഠിക്കാനുമായി സമർപ്പിക്കപ്പെട്ട ശാന്തവും സമാധാനപരവുമായ കേന്ദ്രങ്ങളാണ് മസ്ജിദുകൾ. മസ്ജിദുകൾ സമൂഹത്തിന് മത, സാമൂഹിക, വിദ്യാഭ്യാസ, ജീവകാരുണ്യ സേവനങ്ങൾ നൽകുന്നു.

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അറിയാൻ നിങ്ങൾക്ക് ആകാംക്ഷയും താൽപര്യവുമുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക:

**www.discoveritsbeauty.com**

## "അതിന്റെ സൗന്ദര്യം കണ്ടെത്തൂ" സീരീസ്:

1. ഇതൊരു തുടക്കം മാത്രം
2. ആദമിന്റെയും ഹവ്വയുടെയും മതം
3. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ
4. മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
5. അല്ലാഹുവിന്റെ മനോഹര നാമങ്ങൾ
6. അന്തിമ വെളിപാട്
7. അന്ത്യ ദൂതൻ

## ഉപകാരപ്രദമായ ഇസ്‌ലാമിക വെബ്സൈറ്റുകൾ:

http://www.allahsquran.com

http://www.quranexplorer.com

http://www.islamhouse.com

http://www.edialogue.org

http://www.islamreligion.com

http://www.newmuslimguide.com

http://www.guidetoislam.com/en/

# സത്യസാക്ഷ്യവചനം
## (ഇസ്‌ലാമിലേക്കുള്ള കവാടം)

“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.” അറബിയിൽ അത് ഇങ്ങനെ വായിക്കാം:

أشهد أن لا إله إلا الله وأشهد أن محمدا رسول الله

അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.






GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം: AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب رأس الجبل الجليدي باللغة المالايالامية